



# വിശ്വസൗന്ദര്യം

ഇടശ്ശേരി

അമ്പലത്തിൽനിന്ന് ആളുകൾ ചെറിയ കൂട്ടംകൂട്ടമായി പൊയ്ക്കൊണ്ടിരുന്നു. നിരവധി ദീപനാളങ്ങൾ പുഞ്ചിരിക്കൊണ്ടു തലയാട്ടിനിൽക്കുന്നതിനിടയിലൂടെ സായാഹ്നവേളയുടെ നീലവിരിയിലേക്കു കാൽവെച്ചുകൊണ്ട് ഞാൻ പുറത്തിറങ്ങി.

ക്ഷേത്രത്തിനു മുമ്പിലുള്ള ആ വമ്പിച്ച ഓട്ടുമണിയുടെ മുഴക്കം, ദേവീ വിഗ്രഹത്തിൽ ചാർത്തിയിട്ടുള്ള വനമാലയിൽ ജനിച്ച ആ നേർത്ത തുളസീ ഗന്ധം, ചുഴന്നുകൊണ്ടിരുന്ന ധൂപപാത്രത്തിൽ ചാഞ്ചാടിക്കത്തുന്ന കർപ്പൂരദീപം, കുളിച്ചുവരുന്ന യുവതികൾ തുമ്പുകെട്ടി പിന്നിലിട്ട നീലക്കാർകൂന്തലിൽ തട്ടിവരുന്നതുകൊണ്ട് കോൾമയിർകൊള്ളിക്കുമാറ് ശീതളമായ ചെറുകാറ്റ്, ഇവ ഓരോന്നിന്മേലും, അല്പംമുമ്പുവരെ അവിടെ നിലനിന്നിരുന്ന ഈ എല്ലാ സുന്ദരവസ്തുക്കളിന്മേലും എന്റെ ഹൃദയം പറ്റിപ്പിടിച്ചു കൂടിയിരുന്നു. അതാകട്ടേ, അവ ഓരോന്നായി എല്ലാം അവിടെനിന്നു തിരോധാനം ചെയ്തതുകഴിഞ്ഞു എന്നുള്ളതിനെ സമ്മതിക്കാൻ കൂട്ടാക്കാത്തപോലെ തികച്ചും മൂഢതയോടുകൂടി തത്തദ് സുഖസങ്കല്പങ്ങളിന്മേൽത്തന്നെ പൊരുതിക്കൊണ്ടിരിക്കുകയായി. അതേ, ഭാവനയിലുള്ള ഈ എല്ലാ സുഖവിഭവങ്ങളുടെയും മധ്യത്തിൽ അത് ഒരുതരം ഉത്തമമായ ദശാവിശേഷത്തെ അവലംബിച്ചു. എന്നിട്ട് അമ്പലത്തിൽ മറ്റുള്ളവരെല്ലാം ദേവീവിഗ്രഹത്തെ തൊഴുകയും നമസ്കരിക്കുകയും ചെയ്യുന്നതിനിടയിൽ താൻ ഏകാഗ്രമായി ആരാധിച്ചിരുന്ന അനുരാഗമാത്രജീവിതയായ ആ മനോഹാരിതയെ നോക്കിക്കൊണ്ടുനിന്നു.

അവൾ ഒരു നർത്തകിയായിരുന്നുവോ? സുഭഗമായ അംഗചലനവും, അയവാർന്ന ചാരുനെരിയാണിയും അവളെ അങ്ങനെ തോന്നിച്ചിരുന്നു. ചെറുതിരികൾ വർത്തുളാകാരമായി കത്തിയിരുന്ന ദീപസ്തംഭത്തിനു ചുവട്ടിൽ അവൾ എന്റെ കണ്ണുകളെ എത്രനേരം പിടിച്ചുവെച്ചിരുന്നുവെന്ന് പറയാനാവില്ല.

ഗോപുരത്തിന്റെ പുരോഭാഗത്ത് റോഡരികിലുള്ള പീടികയിൽ വഴിയേ പോകുന്നവരുടെ നേർക്ക് പതിവായി തുറിച്ചുനോക്കാറുള്ള ചില്ലു വിളക്കുകളും കച്ചവടക്കാരൻ സ്വാമിയുടെ കണ്ണുകളും അപ്പോഴും ഉന്മീലിതങ്ങളായിരുന്നുവോ? പാതവക്കത്തെ ഇടിഞ്ഞുപൊളിഞ്ഞ ആ വലിയ സരസ്സിൽ അന്നത്തെ രാത്രിക്കുള്ള കൂരിരുട്ട് സംഭരിച്ചുവെച്ചപോലെ പരന്നുകിടക്കുന്ന നീലജലത്തിൽ ജലജന്തുക്കളും, ഭക്തജനങ്ങളുടെ ഒപ്പം എപ്പോഴും 'കള കള' ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നുവോ? തീർച്ച പറയാൻ വയ്യ.

രാജപാതയും ഒരു നീണ്ട ഇടവഴിയും ഞാൻ കടന്നുപോന്നിരിക്കണം; എന്റെ മുമ്പിൽ, ചക്രവാളത്തിൽ തങ്ങിനിൽക്കുന്ന കാർനിരകൊണ്ട് നീലത്തിരശ്ശീല തൂക്കിയ ഒരു സുവിശാല രംഗം –കണ്ണെത്തുന്നേടത്തോളം ദൂരത്തിൽ പരന്നു കിടക്കുന്ന ഒരു നെൽവയൽ പ്രത്യക്ഷപ്പെട്ടു.

അന്ന് ശുക്ലപഞ്ചമി ആയിരുന്നു. മുഴുവൻ ഒഴിഞ്ഞുകിടക്കുന്ന ആകാശത്തിന്റെ അങ്ങേ അറ്റത്ത്, എനിക്കെതിരായി പ്രശാന്തയും കോമളയുമായ ചന്ദ്രലേഖ മന്ദസ്മിതം പൊഴിച്ചുനിൽക്കുന്നു. ദിഗന്തങ്ങളിൽ തിങ്ങിയിരുന്ന മൃദുലവും, ബലഹീനവുമായ പ്രകാശംമൂലം ഇളന്നീലമായ വാനം കുറേക്കൂടെ താണുനിൽക്കുന്നുണ്ടെന്നു തോന്നി. അവിടെ ഇടയ്ക്കിടയ്ക്ക് മീതെ വെള്ളമേഘങ്ങൾ കടന്നുപോകുന്ന നക്ഷത്രങ്ങൾ പ്രകാശിച്ചിരുന്നു. അവയാകട്ടെ, സുന്ദരമായ ഒരു ഭാവന ജനിപ്പിക്കുകയാണ്; അങ്ങുള്ള പച്ചപ്പുൽവിരിയിൽ മധുരസ്വപ്നങ്ങൾ കണ്ടുകണ്ട് തന്നെത്താൻ മറന്നു ഏതോ ഒരു ദേവത ഒരു വശം ചാഞ്ഞമട്ടിൽ കിടക്കുന്നുണ്ടെന്നും അവളുടെ വൈരമാല്യം അല്പാല്പം സ്ഫുരിക്കുമാറ് കുന്ദധവളമായ ഉത്തരീയാഞ്ചലം സുരഭിയായ നിശ്വാസത്താൽ മന്ദമന്ദം ചലിക്കുന്നുണ്ടെന്നും!

ആ ശശിലേഖ വീണ്ടും മന്ദഹാസം പൊഴിച്ചു. അവൾക്ക് എന്നെ ആകർഷിക്കണമെന്നുണ്ടെന്നു തോന്നി. വ്രീളാവിവശതയാൽപ്പോലെ അല്പം കുനിഞ്ഞ അവളുടെ മുഖം എന്റെ സൗന്ദര്യപിപാസയെ വർധിപ്പിച്ചുകൊണ്ടിരുന്നു.

സന്നമായ ആ തുളസീഗന്ധം എന്റെ നാസികയെ അപ്പോഴും ആനന്ദിപ്പിക്കുന്നുണ്ടായിരുന്നു. ഓട്ടുമണിയുടെ ആ മന്ദ്രധ്വാനം ഒരുതരം ക്രമത്തോടുകൂടി എന്റെ ശ്രുതികളിൽ പതിക്കുന്നുണ്ടെന്നു തോന്നി. അതേ കുളിർക്കാറ്റ് പുറപ്പെട്ട ഒരു നിശ്ചലസരസ്സിൽ ആദ്യമുണ്ടാകുന്ന കല്ലോലംപോലെ എന്നെത്തഴുകിക്കൊണ്ടു മുമ്പോട്ടൊഴുകിപ്പോയി. ആ വീചിയിൽ മുഗ്ദ്ധാംഗിയായ ഇന്ദുകല ഒരു ക്ഷണനേരം പ്രതിഫലിതയായും, വിശ്വമോഹനമായ ഒരു നൃത്തവിശേഷത്തിനായി പ്രഥമപദന്യാസം ചെയ്തതായും തോന്നിച്ചു.



## വിശ്വസൗന്ദര്യം

ഇടശ്ശേരി



ഞാൻ മേൽപ്പോട്ടു നോക്കി. അഹോ! ആഹ്ലാദത്തിന്റെ ഉത്തരംഗിതമായ വേലിയേറ്റം! അവിടെ, വളരെ ഉയരത്തിൽ, ആകാശത്തിന്റെ കിഴക്കും പടിഞ്ഞാറും അറ്റങ്ങളിൽ ബന്ധിച്ചിരിക്കാവുന്നതും, അദൃശ്യമാകുമാറ് അത്രയും സൂക്ഷ്മവുമായ ഒരു കമ്പിന്മേൽ, വിചിത്രവർണ്ണാങ്കിതമായ ആ ഒരു സവിശേഷതരം ശീലക്കുട പിടിച്ച് മേനിയുടെ അത്രയ്ക്കുള്ള സ്വാധീനതയും ലാഘവവും ചാതുര്യവും പ്രകടമാകുമാറ് അവൾ അതിസുകുമാരമായ കാൽവെപ്പോടുകൂടി നടന്നുപോവുകയോ, നടനം ചെയ്യുകയോ ആണ്. പൊങ്ങിയും, താണും പരമ്പരയായിപ്പോകുന്ന പ്രഭാവീചികളുടെ ഗതിവിശേഷത്തിന്റെ സമർത്ഥമായ ഒരനുകരണം അവളുടെ ഓരോ ചരണതളിരിന്റെയും സുമന്ദമായ പതനത്തെ സപ്രണയം ഏറ്റെടുക്കുമാറ് ഒരു മലർവരിയായി നിൽപ്പാൻ വെമ്പൽ കൊള്ളുന്ന എന്റെ ഹൃദയം മേല്പോട്ടുയർന്നു.

ഈ സുവിശാല രംഗത്തിൽ എല്ലാ ലോകവും സൂക്ഷ്മശരീരികളായി വന്നു നിശ്ശബ്ദം നിർന്നിമേഷം നോക്കിനിൽക്കുന്നുണ്ടായിരിക്കുമോ?

ആകാശാന്തത്തിലെ പ്രഭാപുഞ്ജങ്ങൾ ഓരോന്നും അതിന്റെ സ്ഥാനത്തുനിന്ന് താണ്ഡവം ചെയ്തു. ദീർഘദീർഘങ്ങളായ ശ്വേതരശ്മികൾ അവയിൽനിന്ന് പുറപ്പെട്ട്, ആ നർത്തകിയെ ചൂഴ്ന്ന പ്രഭാവലയത്തോട് ബന്ധിച്ച് അവിടെ ഒരരങ്ങു തൂക്കിയതുപോലെ ശോഭിച്ചു. അപ്പോഴാകട്ടെ, ആ നൃത്തരംഗം അന്തരീക്ഷം മുഴുവനുമായി, പ്രേക്ഷകഹൃദയത്തിലെ ആനന്ദം അതിന്റെ അതിർത്തികളെയും കവിഞ്ഞൊഴുകി.

ഒരഞ്ജലീബന്ധത്തിലമർന്ന എന്റെ കൈവിരലുകളുടെ അഗ്രങ്ങൾ മരവിക്കുന്നുണ്ടായിരുന്നു. ആ ഒഴിഞ്ഞ നെൽപ്പാടത്തു ഇടയ്ക്കിടക്കുണ്ടാവാറുള്ളതും, തുടർച്ചയായി ഒരു ചൂളംവിളിയോടുകൂടി നെടുനീളൻ പാച്ചിൽ പായുന്നതുമായ തണുത്ത കാറ്റ് അപ്പോൾ അടിക്കുന്നുണ്ടായിരുന്നുവോ ആവോ?

ഒരു മധുരസംഗീതത്തിനുള്ള ശ്രുതിസ്വരം കേട്ടുതുടങ്ങി. അധികം താമസിക്കാതെ സർവചരാചരങ്ങളെയും അലിയിപ്പിക്കുമാറ് അത്രയും ഹൃദ്യതരമായ ഒരു സംഗീതം ഉച്ചത്തിൽ സമുചിതമായ താളമേളങ്ങളോടു കൂടി അവിടെ പ്രവഹിച്ചു. ആ മനോഹരി അവയ്ക്കൊപ്പം അപ്പോഴും നർ ത്തനം ചെയ്യുകയാണ്. അവളുടെ ശിരസ്സിൽവെച്ച ഹേമകുംഭത്തിൽനിന്ന് അമൃതകണങ്ങൾ നിർഗ്ഗളമായി തുളുമ്പിവീണുകൊണ്ടിരുന്നു. അവ ഭൗതികമായ എല്ലാ ജഡപദാർത്ഥങ്ങളേയും ഉയിർത്തെഴുന്നേൽപ്പിക്കുകയും അവയുടെ കണ്ഠത്തിൽനിന്ന് ഒരു കീർത്തനഗീതം ഏകസ്വരത്തിൽ അന്തരീക്ഷത്തിലേയ്ക്ക് പൊങ്ങി ലയിക്കുകയും ചെയ്തു.

ആ മനോഹരി അപ്പോഴും നർത്തനം ചെയ്യുകയാണ്. ആ നടനവേഗത്തിൽ അഴിഞ്ഞുലഞ്ഞ വാർകുഴൽ എത്തിവലിഞ്ഞു നിൽക്കുന്ന മരങ്ങളുടെ തലപ്പുകളിൽക്കിടന്നിഴയുന്നു. അവളുടെ പരിലഘുവായ പദതലത്തിന്റെ പതനക്രമമനുസരിച്ച് ഈ വിശ്വം കൂമ്പുകയും, വിരിയുകയും ചെയ്യുന്നു. അത്യുന്നതങ്ങളായ ഗിരിശൃംഗങ്ങൾ ഇപ്പോൾ അലിഞ്ഞൊഴുകുന്നുണ്ടായിരിക്കണം. ആപഗകളുടെ കുളിർമാറിടങ്ങൾ ഇപ്പോൾ തുളുമ്പിക്കൊണ്ടിരിക്കുകയായിരിക്കും. കല്ലോലിതമായ കടൽ ആനന്ദലഹരിയിൽ കരയിലെ പൂഴിയിൽ ഇപ്പോൾ കിടന്നുരുളുന്നുണ്ടാകും.

ഹാ!, അകലുഷവും അനിർവചനീയവുമായ വിശ്വസൗന്ദര്യം!

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പു. 15, ല. 6, ഏപ്രിൽ 26, 1937,